## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 619** **01.12.2015- ൽ മറുപടിക്ക്**

### കൈത്തറി വ്യവസായ മേഖല

**ചോദ്യം**

**ശ്രീ.ഇ.പി.ജയരാജൻ**
**ശ്രീ. സി.കൃഷ്ണൻ**
**ശ്രീ.പി.കെ.ഗുരുദാസൻ**
**ശ്രീ.കെ.ദാസൻ**

**ഉത്തരം**

**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ നിലവിലെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കൈത്തറി വ്യവസായമേഖലയിൽ ആയിര കണക്കിന് പേരെ നിത്യപട്ടിണിയിലേക്ക് തള്ളിവിടുമ്പോഴും വാഗ്ദാനങ്ങൾ പാലിക്കുന്നതിന് സർക്കാർ തലത്തിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ; | (ബി) & (സി) ആക്ഷേപം ശരിയല്ല. കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ടും, നെയ്ത്ത് പരിശീലനവും, ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് പരിശീലനവും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനവും സാമ്പത്തിക സഹായവും അടക്കം നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) കൈത്തറി വ്യവസായത്തിന്റെ തകർച്ചയ്ക്കുള്ള യഥാർത്ഥ കാരണം കണ്ടെത്തി പരിഹാര മാർഗ്ഗം കണ്ടെത്തുന്നതിലുള്ള അലംഭാവമാണ് ഈ മേഖലയിൽ പ്രതിസന്ധി തുടരുന്നതിനിടയാക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**